# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 1502

16.03.2015 ലെ മറുപടി

**പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നടപടി**

**ചോദ്യം**

ശ്രീ.എം.ഹംസ

**മറുപടി**

ശ്രീ. കെ.സി. ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി.<br>2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി.<br>3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ |

| | | | |
|---|---|---|---|
| | | | തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി യായ 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'.<br>4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.<br>5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസി കളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.<br>6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് ജില്ലകളിൽ നോർക്ക റൂട്ട്സ് സെല്ലുകൾ.<br>7. മറുനാടൻ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനുമായി ന്യൂഡൽഹിയിലും മുംബൈയിലും എൻ.ആർ.കെ -ഡെവലപ്മെന്റ് ഓഫീസുകൾ. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീ സുകൾ . |

| | | | |
|---|---|---|---|
| | | | 8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.<br><br>9. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.<br><br>10. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.<br><br>11. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.<br><br>12. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.<br><br>13. വിദേശത്ത് തൊഴിൽ നിയമനം തേടുന്നവർക്കായി നിയമ വിരുദ്ധ റിക്രൂട്ട്മെന്റിനെതിരായ ബോധവൽക്കരണ പരിപാടിയും വിസാ പരിശോധനയും<br><br>14. അടിയന്തിര സാഹചര്യങ്ങളിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപാട്രിയേഷൻ ഫണ്ട്.<br><br>15. ഇന്ത്യക്കുപുറത്തോ, . ഇതര സംസ്ഥാനങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ |

| | | | |
|---|---|---|---|
| | | | 'കാരുണ്യം പദ്ധതി'.<br><br>16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ .<br><br>17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/പൂർണ്ണമായ/ ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന തിരിച്ചറിയൽ കാർഡ് പദ്ധതി.<br><br>18. കേരള പ്രവാസി കേരളീയ ക്ഷേമനിധി യിൽ അംഗങ്ങളായവർക്ക് ബോർഡ് മുഖാന്തിരം പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം എന്നിവയും ആശ്രിതർക്ക് കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ്, വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം എന്നിവയും ഉറപ്പാക്കുന്നു.<br><br>19. കൂടാതെ പ്രവാസികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരിഹാരം ഉറപ്പാക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നുണ്ട്. |
| (ബി) | കോൺസുലാർ സേവനം സംബന്ധിച്ച് പ്രവാസികളായ മലയാളികൾ അനുഭവിക്കുന്ന പരാതികളും പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിനായുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | വിവിധ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുടെ പ്രവർത്തനവും കോൺസുലാർ സേവനങ്ങളും ഇന്ത്യൻ വിദേശ കാര്യ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള വിഷയമാണ്. ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനമൊന്നും നടത്തിയിട്ടില്ല. |
| (സി) | നിതാഖത്ത് നിയമം കർശനമാക്കിയതിന്റെ ഫലമായി എത്ര മലയാളികൾക്ക് ഗൾഫ് മേഖലയിൽ തൊഴിൽ നഷ്ടപ്പെടുകയുണ്ടായി; | (സി) | നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഈ |

<table>
<tr>
<td></td>
<td>ജില്ലാടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;</td>
<td></td>
<td>നിയമം കർശനമാക്കിയ 2013 ഏപ്രിൽ മാസം മുതൽ കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>2330</td></tr>
<tr><td>കൊല്ലം</td><td>2182</td></tr>
<tr><td>പത്തനംതിട്ട</td><td>351</td></tr>
<tr><td>ആലപ്പുഴ</td><td>685</td></tr>
<tr><td>ഇടുക്കി</td><td>77</td></tr>
<tr><td>കോട്ടയം</td><td>219</td></tr>
<tr><td>എറണാകുളം</td><td>422</td></tr>
<tr><td>തൃശൂർ</td><td>620</td></tr>
<tr><td>പാലക്കാട്</td><td>1532</td></tr>
<tr><td>കോഴിക്കോട്</td><td>2719</td></tr>
<tr><td>മലപ്പുറം</td><td>9274</td></tr>
<tr><td>കണ്ണൂർ</td><td>1423</td></tr>
<tr><td>വയനാട്</td><td>554</td></tr>
<tr><td>കാസർഗോഡ്</td><td>246</td></tr>
<tr><td>ആകെ</td><td>22634</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>നിതാഖത്ത് നിയമം വഴി ജോലി നഷ്ടമായി നാട്ടിൽ തിരിച്ചെത്തുന്നവരുടെ പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കാമോ?</td>
<td>(ഡി)</td>
<td>സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണുള്ളത്.</td>
</tr>
</table>

| | | | |
|---|---|---|---|
| | | | 1) തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br><br>2) ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.<br><br>3) സ്വയം സംരംഭക സഹായ പദ്ധതി<br><br>4) പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.<br><br>5) സ്വയംതൊഴിൽ/ നിക്ഷേപ സംരംഭങ്ങൾ.<br><br>വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് .(NDPREM) എന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. |

സെക്ഷൻ ഓഫീസർ